ഭരണനിർവ്വഹണത്തിന് പ്രോജക്ട് ഓഫീസറും അനുബന്ധ തസ്തികകളും നിലവിലുണ്ട്.

(സി) ഗ്രാമവികസന ഏജൻസികൾ അനുഷ്ഠിച്ചിരുന്ന കർത്തവ്യങ്ങൾ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

24 (420) ഡി.ആർ.ഡി.എ.യിലെ ഉദ്യോഗസ്ഥനെതിരെ നടപടി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡി.ആർ.ഡി.എ.യിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതുകുളം ബ്ലോക്ക് വഴി ആവശ്യപ്പെട്ട ഫ്ളഡ് റിലീഫ് വർക്കുകൾക്ക് ആവശ്യമായ നടപടിക്രമങ്ങൾ നടത്താതെ കഴിഞ്ഞ മൂന്നാഴ്ചക്കാലം തടഞ്ഞുവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കായംകുളം എം.എൽ.എ. നൽകിയ നിവേദനത്തെപ്പറ്റി അന്വേഷിക്കുന്നുണ്ടോ;

(സി) ഈ ഉദ്യോഗസ്ഥനെ ആലപ്പുഴ ഡി.ആർ.ഡി.എയിൽ നിന്നു മാറ്റി മറ്റൊരാളെ പകരം നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഉദ്യോഗസ്ഥനെ കായംകുളം മണ്ഡലത്തിൽ വരുന്ന മുതുകുളം ബ്ലോക്കിന്റെ മേൽനോട്ടാധികാരത്തിൽനിന്നും അടിയന്തിരമായി നീക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഗവൺമെന്റ് അനുവദിച്ച ഫ്ളഡ് റിലീഫ് വർക്കുകൾക്ക് ആവശ്യമായ നടപടിക്രമം പൂർത്തിയാക്കാൻ ഈ ഉദ്യോഗസ്ഥന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) മുതുകുളം ബ്ലോക്കിൽ വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി ലഭിച്ച 8 എസ്റ്റിമേറ്റുകൾ മുതുകുളം ബി.ഡി.ഒ. യുടെ 15.5.1999, 18.5.1999 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ആലപ്പുഴ ഡി.ആർ.ഡി.എയിൽ ലഭിക്കുകയുണ്ടായി. ടി എസ്റ്റിമേറ്റുകൾ എല്ലാം തന്നെ നിലവിലുള്ള ഗ്രാവൽറോഡുകൾക്ക് പുതിയ ഫോർമേഷൻ ഉണ്ടാക്കി മെറ്റലിംഗും ടാറിംഗും നടത്തുന്നതിനുവേണ്ടിയുള്ളവയായിരുന്നു. റവന്യൂ വകുപ്പിന്റെ സർക്കുലർ പ്രകാരം പ്രകൃതിക്ഷോഭപദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ജോലികൾ ഏറ്റെടുത്ത് അനുവദനീയമല്ലാത്തതിനാൽ ടി ജോലികളുടെ എസ്റ്റിമേറ്റുകൾ അംഗീകരിച്ചുകൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് കായംകുളം എം.എൽ.എ.യുടെ നിവേദനം ഈ വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി)-(ഇ) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

25 (421) ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർ

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly